ശ്രീ. ടി.എം. ജേക്കബ്: ബാംഗ്ലൂർ, ഡൽഹി തുടങ്ങിയ പട്ടണങ്ങളിൽ സിറ്റി സർവ്വീസുകളിൽ വനിതാ കണ്ടക്ടർമാരെ നിയമിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ഇവിടെയും വനിത കണ്ടക്ടർമാരെ നിയമിക്കുന്നതിൽ എന്താണ് തടസ്സം?

ശ്രീ. കെ. നാരായണക്കുറുപ്പ്: തടസ്സമൊന്നുമില്ല. പുരുഷൻമാർക്കുതന്നെ ജോലി കൊടുക്കാൻ ബുദ്ധിമുട്ടുള്ളപ്പോഴും, ഇതിനേക്കാൾ സൗകര്യപ്രദമായ വിധത്തിൽ മറ്റു ജോലികൾ ബുദ്ധിമുട്ടില്ലാതെ ചെയ്യാൻ പുരുഷൻമാരേക്കാൾ സ്ത്രീകൾക്ക് സാദ്ധ്യതയുള്ളതുകൊണ്ട് ഈ കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്.

ബസ് സ്റ്റേഷനും ഗ്യാരേജിനും സ്ഥലം തിരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം

* 628 [685] ശ്രീ. കെ.ടി. കുമാരൻ:
,, കണിയാപുരം രാമചന്ദ്രൻ:
,, വി.കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ബസ് സ്റ്റേഷൻ, ഗ്യാരേജ് എന്നിവ പണിയുന്നതിന് സ്ഥലം തിരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം എന്താണ്;

(ബി) ഈ വർഷം എത്ര ഗ്യാരേജുകൾ പണിയുന്നതിനുള്ള അനുവാദം കൊടുത്തു;

(സി) അവ എവിടെയെല്ലാം?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) പ്രധാനമായും ഓപ്പറേറ്റ് ചെയ്യാവുന്ന ഷെഡ്യൂളുകളുടെ എണ്ണം, യാത്രക്കാരുടെ ബാഹുല്യം, സൗകര്യമായ സ്ഥലത്തിന്റെയും വെള്ളത്തിന്റെയും ലഭ്യത ഇവയാണ് മാനദണ്ഡമായി സ്വീകരിക്കാറുള്ളത്.

(ബി,സി) പയ്യന്നൂർ സ്റ്റേഷൻ ഗ്യാരേജിൽ കൂടുതൽ സ്ഥലം ലഭിക്കുന്നതിനുവേണ്ട കെട്ടിടം പണിയുന്നതിന് അനുവാദം കൊടുത്തിട്ടുണ്ട്. ഗുരുവായൂർ, വൈക്കം, കാട്ടാക്കട എന്നീ സ്ഥലങ്ങളിൽ ഗ്യാരേജും ബസ് സ്റ്റേഷനും പണിയുന്നതിന് നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ.ടി. കുമാരൻ: ജില്ലാ തലസ്ഥാനമായ കണ്ണൂരിൽ ഇന്നുള്ള ബസ് സ്റ്റേഷനും ഗ്യാരേജും തീരെ സൗകര്യമില്ലാത്തതാണെന്നു മനസ്സിലാക്കി അവിടെ ഒരു ജില്ലാ സ്റ്റേഷനും ഗ്യാരേജും ഉണ്ടാക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായെന്നു പറയാമോ; പുതുതായി ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്ഥലം കണ്ടെത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: കണ്ണൂരിൽ ഇന്നുള്ള ബസ് സ്റ്റേഷൻ കുറച്ചുകൂടി സൗകര്യപ്രദമായി മുനിസിപ്പൽ ആഫീസിന്റെ സമീപത്തേക്ക് മാറ്റാൻ നടപടി എടുത്തുകഴിഞ്ഞു. അവിടെ ഇന്നു നിലവിലുള്ള ഒന്നുരണ്ട് ആഫീസുകൾ മാറ്റുന്നതിനുള്ള ബുദ്ധിമുട്ടാണ് കാലതാമസം വരുത്തുന്നത്.

ശ്രീ. കെ.ടി. കുമാരൻ: കാസർകോട് ഏരിയായിൽ പുതിയ ഒരു ബസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് കുറേമുമ്പ് ആരംഭിച്ചതായി അറിയുന്നു. അതിന് സ്ഥലം കിട്ടിക്കഴിഞ്ഞോ? കിട്ടിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ എപ്പോഴാണ് പ്രവൃത്തി ആരംഭിക്കുകയെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അക്വിസിഷനുവേണ്ട നടപടികൾ കളക്ടറുമായി നടത്തിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കണിയാപുരം രാമചന്ദ്രൻ: നെടുമങ്ങാട് ബസ് സ്റ്റേഷനു വേണ്ടി പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് അനാവശ്യമായി നീണ്ടുപോകുന്നു എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതു പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സ്ഥലമെടുപ്പിന് കാലതാമസം ഉണ്ടാവുന്നുണ്ട്. അതിന്റെ ഉടമസ്ഥൻമാർ കേസിനും മറ്റു കാര്യങ്ങൾക്കും പോകുന്നതുകൊണ്ടാണ് താമസമുണ്ടാകുന്നത്. എങ്കിലും വേഗത്തിൽ ഏർപ്പാടു ചെയ്ത് 1979-ൽ തന്നെ തീർക്കാൻ ശ്രമം കെട്ടിക്കഴിഞ്ഞു.

ശ്രീ. വി. കെ. രാജൻ: കൊടുങ്ങല്ലൂരിൽ വന്ന് ഇരുപത്തിരണ്ടോളം ട്രാൻസ്പോർട്ട് ബസ്സുകൾ സ്റ്റേ ചെയ്യാറുണ്ട്. അതെല്ലാം കിടക്കുന്നത് ക്ഷേത്രസന്നിധിയിലാണ്. അവിടെ ഒരു ബസ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇന്നു നിലവിലുള്ള 34 സ്റ്റേഷനുകൾക്കു പുറമേ ഏതാണ്ട് നാൽപ്പതോളം സ്റ്റേഷനുകൾ വേണമെന്നു നിർബന്ധത്തോടുകൂടി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ ഏതാണ്ട് പത്തുപന്ത്രണ്ട് എണ്ണം കോർപ്പറേഷൻ നടപ്പാക്കണമെന്നു തീരുമാനിക്കുകയും അതിനുള്ള പ്രാഥമിക നടപടികൾ എടുക്കുകയും ചെയ്തു. ഇനിയും കൂടുതൽ സ്ഥലങ്ങളിലേക്ക് ബസ് സ്റ്റേഷനുകൾ വേണമെന്ന് പരാതിയുണ്ട്. ആ പരാതി ശരിയാണെങ്കിൽതന്നെയും കോർപ്പറേഷന് 1979-ൽ അതു നടപ്പാക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് അടുത്തവർഷത്തേക്ക് അതു മാറ്റി വയ്ക്കേണ്ടിവരും.

ശ്രീ. വി.കെ. രാജൻ: ഞാൻ ചോദിച്ചത് കൊടുങ്ങല്ലൂർ ബസ് സ്റ്റേഷൻ ആരംഭിക്കാൻ ആലോചനയുണ്ടോ എന്നാണ്. കൊടുങ്ങല്ലൂർ എന്നു പറയുന്നത് തൃശ്ശൂർ ജില്ലയുടെ നേരെ തെക്കേ അറ്റത്തു കിടക്കുന്ന സ്ഥലമാണ്. ബസ്സുകൾ വന്ന് സ്റ്റേ ചെയ്യുന്നതും അത് സ്റ്റാർട്ട് ചെയ്യുന്നതുമെല്ലാം ആ സ്ഥലത്തുനിന്നാണ്. അതിന്റെ മദ്ധ്യഭാഗത്ത് സബ് സ്റ്റേഷനൊക്കെ സ്ഥാപിക്കുന്നുണ്ട്. അപ്പോൾ തൃശ്ശൂർ ജില്ലയുടെ തെക്കേ അറ്റമായ കൊടുങ്ങല്ലൂരിൽ ഒരു ബസ് സ്റ്റേഷൻ സ്ഥാപിക്കാൻ തയ്യാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: അതു സ്ഥാപിക്കുന്നില്ല എന്നു മറുപടി പറയുന്നത് ശരിയല്ലാത്തതുകൊണ്ട് പറഞ്ഞില്ല എന്നേയുള്ളു. ഈ വർഷം അതു സ്ഥാപിക്കാൻ സാദ്ധ്യമല്ല. അടുത്തവർഷത്തേക്കു മാറ്റിവയ്ക്കണമെന്നു പറഞ്ഞത് അങ്ങനെ ഒരു ഏർപ്പാടുണ്ടാകുമെന്ന് ആ സ്ഥലത്തുള്ള ആളുകൾ ധരിച്ചുകൊള്ളട്ടെ എന്നു വിചാരിച്ചാണ്.

ശ്രീ. ടി.എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്ത് പത്തിൽ കുറയാതെ ഷെഡ്യൂൾ ഓപ്പറേറ്റു ചെയ്യത്തക്കവിധത്തിൽ മിനി ഓപ്പറേറ്റിംഗ് സ്റ്റേഷൻസ് തുടങ്ങുമെന്ന് കഴിഞ്ഞതവണ പല സ്ഥലത്തും പറയുകയുണ്ടായി. അങ്ങനെയുള്ള മിനി ഓപ്പറേറ്റിംഗ് സ്റ്റേഷൻസ് ഈ വർഷം എത്രഎണ്ണം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഏതാണ്ട് 12 സ്ഥലങ്ങൾ ഇതിനു വേണ്ടി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അതിനുള്ള സംവിധാനങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: മലപ്പുറത്ത് ഒരു ജില്ലാ ഗ്യാരേജും സ്റ്റേഷനും തുടങ്ങാനുള്ള നടപടി എത്രത്തോളമായി. അതു പൂർത്തികരിക്കാൻ എത്ര സമയമെടുക്കുമെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സ്ഥലം കിട്ടുന്നതിനാണ് താമസം കൂടുതൽ വരുന്നത്. വളരെ വേഗത്തിൽതന്നെ ജില്ലാ സബ് ഡിപ്പോ പൂർത്തീയാകുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. സേവ്യർ അറയ്ക്കൽ: വളരെ പഴക്കമേറിയതാണ് പറവൂർ ബസ് സ്റ്റാൻഡ്. അതു വിപുലീകരിക്കണമെന്നു പറഞ്ഞ് നാട്ടുകാരെല്ലാവരുംതന്നെ, ഞാറയ്ക്കൽ, വടക്കേക്കര, പറവൂർ നിയോജകമണ്ഡലങ്ങളിലുള്ള പ്രതിനിധികൾതന്നെ ബഹുമാനപ്പെട്ട മന്ത്രിയോട് നിവേദനം നടത്തിയിട്ടുണ്ട്. ആ പ്രോഗ്രാം നിറുത്തലാക്കിയോ, അതല്ലെങ്കിൽ അതു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സ്ഥലത്തിന്റെ കാര്യത്തിൽ മുനിസിപ്പാലിറ്റിയുമായി എകസ്സേഞ്ചു ചെയ്യാനുള്ള ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. സ്ഥലനിർണ്ണയം ചെയ്തുകഴിഞ്ഞാൽ അതേപ്പറ്റി തീർച്ചയായും ആലോചിക്കും. പറവൂരിന്റെ കാര്യം ഞങ്ങൾ മറക്കുകയില്ല.

ശ്രീ. എ.പി. കുര്യൻ: അങ്കമാലിയിൽ പ്രവൃത്തിച്ചുവരുന്ന സ്റ്റേഷൻ മാസ്റ്റേഴ്സ് ആഫീസ് തീരെ സൗകര്യപ്രദമല്ലാത്ത ഒരു സ്ഥലത്താണെന്നുള്ളതു പരിഗണിച്ചുകൊണ്ട് അതു കുറേക്കൂടി ആളുകൾക്ക് സൗകര്യപ്രദമായ സ്ഥലത്തേക്കു മാറ്റി സ്ഥാപിക്കുന്നതിനും ഒരു മിനി ബസ് സ്റ്റേഷൻ തുറക്കുന്നതിനും വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നൂറുകണക്കിന് ബസ്സുകൾ കടന്നുപോകുന്ന അങ്കമാലിയുടെ പ്രാധാന്യം ഒട്ടും അവഗണിച്ചിട്ടില്ല. ഇന്നുള്ള ബസ് സ്റ്റേഷൻ മാസ്റ്റേഴ്സ് ആഫീസ് അതിന് പര്യാപ്തവുമല്ല. അത് പോലീസ് സ്റ്റേഷന്റെ വടക്കുവശത്തേക്കുമാറ്റി കുറേക്കൂടി സൗകര്യപ്രദമായി ബസ്സുകൾക്ക് സ്റ്റോപ്പു ചെയ്യാനും യാത്രക്കാർക്ക് ഇരിക്കുവാനും സൗകര്യത്തിനുള്ള സ്ഥലം നോക്കുന്നുണ്ട്. അപ്പോൾ അൽപ്പം കാലതാമസം വന്നേക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഭാസ്കരൻനായർ: മാവേലിക്കര ഒരു ബസ് സ്റ്റേഷൻ വേണമെന്ന് അവിടെയുള്ള ആളുകൾ പ്രക്ഷോഭണം കൂട്ടുകയും ഈ വർഷംതന്നെ തുടങ്ങുന്നതാണെന്ന് മന്ത്രി ഉറപ്പു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആ ഉറപ്പ് എത്രമാത്രം പുരോഗമിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഉറപ്പിനു കുഴപ്പമൊന്നുമില്ല. ഉറപ്പ് കൂടാതെ മാവേലിക്കരയുള്ള ആളുകൾതന്നെ ഇളക്കുന്നു എന്നാണ് ഞങ്ങളുടെ വിശ്വാസം. ഈ ഗവൺമെന്റ് നടപടി എടുക്കാനായിട്ട് പ്രത്യേകം സ്ഥലത്തിന് നിർദ്ദേശം കൊടുത്തുകഴിഞ്ഞപ്പോൾ അതിനേക്കാൾ ലാഭകരമായ മറ്റൊരു സ്ഥലമുണ്ടെന്ന് സ്ഥലവാസികൾ പെറ്റീഷൻ കൊടുക്കുന്നു. അപ്പോൾ താമസിച്ചു പോകുന്നു. അതുകൊണ്ട് ഉറപ്പ് ഞങ്ങളുടെ ഭാഗത്തല്ല ഇളകുന്നത്, മറുഭാഗത്താണ്.

ഡോ. കെ.സി. ജോസഫ്: ബത്തേരി റൂട്ട് നാഷണലൈസേഷനെത്തുടർന്ന് അവിടെ ഗതാഗതത്തിന് കൂടുതൽ പ്രശ്നങ്ങളുണ്ട് എന്നുള്ളതു പരിഗണിച്ച വയനാട്ടിലെ മാനന്തവാടിയിലും താമരശ്ശേരിയിലും ബസ് സ്റ്റേഷനും ഗ്യാരേജും സ്ഥാപിക്കുന്നതിനുള്ള നടപടി എത്രത്തോളമായി എന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: 1979 ആദ്യം തന്നെ ബത്തേരി ജില്ലാ ഡിപ്പോ തുറക്കാനും മാനന്തവാടിയിലും താമരശ്ശേരിയിലും സബ് ഡിപ്പോ പണിയാനും തീരുമാനമെടുത്തുകഴിഞ്ഞു.

ശ്രീ. പി.പി.വി. മൂസ: കൂടിയേറ്റക്കാർ അധികമായി സഞ്ചരിക്കുന്ന തലശ്ശേരിയിൽ ഒരു ബസ് സ്റ്റേഷൻ സ്ഥാപിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞകൊല്ലം അവിടെ മുനിസിപ്പൽ അധികൃതർക്കു ഉറപ്പു നൽകിയിരുന്നെങ്കിലും അതുസംബന്ധിച്ചുള്ള നടപടികളൊന്നും ഇതുവരെയായി സ്വീകരിച്ചുകാണുന്നില്ല. തലശ്ശേരിയിൽ ബസ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള വല്ല നടപടിയും സ്വീകരിക്കുമോ; എങ്കിൽ എവിടെയാണെന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതെല്ലാം 1979-ൽ നടക്കുമോയെന്നാണെങ്കിൽ നടക്കുകയില്ല. തലശ്ശേരിയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് അവിടെ ഒരു ബസ് സ്റ്റേഷൻ ആവശ്യമാണെന്നു പരാതികിട്ടിയപ്പോൾ അവിടെ പോയി നോക്കി. ആ സ്ഥലം, എക്സിബിഷൻ ഗ്രൗണ്ടിന് എടുക്കണമെന്നും എടുക്കാൻ പാടില്ലെന്നും രണ്ടു തർക്കമുള്ളതുകൊണ്ട് ഫൈനൽ തീരുമാനം എടുക്കാൻ കഴിഞ്ഞിട്ടില്ല. തലശ്ശേരിയുടെ പ്രാധാന്യമനുസരിച്ച് അവിടെ ഒരു ബസ് സ്റ്റേഷൻ വേണമെന്നുതന്നെയാണ് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. എം.വി. രാഘവൻ: ബസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനെപ്പറ്റി പറഞ്ഞകൂട്ടത്തിൽ പെരിന്തൽമണ്ണ ബസ് സ്റ്റേഷൻ വളരെക്കാലം മുമ്പ് ആരംഭിച്ചതാണ്. അവിടെ ഇപ്പോൾ ബഹുമാനപ്പെട്ടമന്ത്രി തറക്കല്ലിട്ടു എന്നും പറയുന്നു. ബസ് സ്റ്റേഷൻ ആരംഭിച്ചിട്ട് തറക്കല്ലിടുന്നത് ശരിയാണോ; ഇതിന്റെ ഉദ്ദേശമെന്താണെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പെരിന്തൽമണ്ണയിൽ തറക്കല്ലിട്ടിട്ടില്ല. അവിടെ നേരത്തെയുണ്ടായിരുന്ന ഓപ്പറേറ്റിംഗ് സ്റ്റേഷൻ സബ് ഡിപ്പോ ആക്കി മാറ്റിയെന്നേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.സി. ജോസഫ്: ഇപ്പോഴത്തെ നിലവിലുള്ള നിയമമനുസരിച്ച് ട്രാൻസ്പോർട്ട് ഗ്യാരേജിനും മറ്റും സ്ഥലം എടുക്കുമ്പോൾ അഡ്വാൻസ് പൊസഷൻ നൽകുന്ന ഭൂവുടമകൾക്ക് പകുതി പൈസ കൊടുക്കുന്നതിനുള്ള നിയമമേ ഉള്ളൂ. എന്നാൽ അഞ്ചു സെന്റിൽ താഴെയുള്ള ഭൂവുടമസ്ഥർക്ക് അതു മുഴുവനായി കൊടുക്കുന്നതിനു വേണ്ടി നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് മയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നിയമം ഒരുപോലെയേ നടപ്പാക്കാൻ കഴിയൂ. അഡ്വാൻസ് പൊസഷൻ കഴിഞ്ഞ് മുഴുവൻ കൊടുക്കണമെന്ന തീരുമാനമെടുത്തുകഴിഞ്ഞാൽ അഞ്ചല്ല അൻപതുള്ളവർക്കും കൊടുക്കേണ്ടിവരും. അതു കൂടുതൽ ബുദ്ധിമുട്ടുള്ള കാര്യമാണ്.

Shri M. Ramappa: Sir, the proposal for starting a sub-station of the KSRTC at Kasargod is pending for the past so many years. There is a rumour that the KSRTC is influenced by the business community there. The Warehousing Corporation was able to acquire land in that locality. I want to know why the KSRTC is not able to acquire the land necessary for the sub-station?

ശ്രീ. കെ. നാരായണക്കുറുപ്പ്: അവിടെ മുനിസിപ്പാലിറ്റിയുടെ ചില പ്രശ്നങ്ങളാണ് ഇത്രയും കാലതാമസം ഉണ്ടാക്കുന്നത്. തീരുമാനം എടുത്തുകഴിയുമ്പോൾ മുനിസിപ്പാലിറ്റി മറ്റു പ്രശ്നങ്ങളുമായി മുന്നോട്ടുവന്ന് ആ സ്ഥലം മാറ്റണമെന്നു പറഞ്ഞു. മുനിസിപ്പാലിറ്റി ലോക്കൽബോഡിയായതുകൊണ്ട് പരമാർത്ഥമുണ്ടെന്നു വിചാരിച്ച് അതേപ്പറ്റി അന്വേഷിച്ചപ്പോഴാണ് നടപ്പാക്കരുതെന്ന ഉദ്ദേശത്തോടുകൂടിയാണ് പ്രശ്നം വന്നതെന്നു ബോദ്ധ്യമായത്. അതെല്ലാം മാറ്റി രണ്ടാമത് വളരെ വേഗത്തിൽ നടപ്പാക്കാൻ കളക്ടർക്ക് നിർദ്ദേശം കൊടുത്തുകഴിഞ്ഞു.

ശ്രീ. ആർ. സുന്ദരേശൻ നായർ: പരിപൂർണ്ണമായി ദേശസാൽക്കരിക്കപ്പെട്ട നെയ്യാറ്റിൻകര, നെടുമങ്ങാടു താലൂക്കുകളിലെ മലയോര പ്രദേശങ്ങളിലെ യാത്രാ സൗകര്യങ്ങളുടെ കുറവിനെ പരിഗണിച്ചും നെടുമങ്ങാട്, നെയ്യാറ്റിൻകര ഗ്യാരേജുകളിലെ തിരക്കും പ്രയാസങ്ങളും പരിഗണിച്ചും കഴിയുന്നത്രവേഗം കാട്ടാക്കട ഗ്യാരേജിൽ ഒരു പ്രോജക്ട് ആഫീസറെ നിയമിച്ച് അതൊരു ഓപ്പറേഷൻ സെന്ററായി പ്രവൃത്തിപ്പിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കാട്ടാക്കടയിൽ സ്ഥലമെടുത്തുകഴിഞ്ഞു. അവിടെ സീനിയർ ഇൻസ്പെക്ടറെ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രോജക്ട് ഓഫീസറോ സബ് ഡിവിഷൻ ആഫീസറോ വേണമെന്നു തീരുമാനിച്ചിട്ടില്ലെന്നുമാത്രമേയുള്ളൂ. എന്തായാലും വളരെ വേഗത്തിൽ സബ് ഡിപ്പോ പ്രവർത്തനം ആരംഭിക്കും.

ശ്രീ. ഇ. അഹമ്മദ്: പരിപൂർണ്ണമായി ദേശസാൽക്കരിക്കപ്പെട്ട റൂട്ടാണ് കോഴിക്കോട്-വയനാട് റൂട്ട്. അവിടെ പല സ്ഥലങ്ങളിലും ബസ് സ്റ്റേഷൻ അല്ലെങ്കിൽ ബസ് ഷെൽട്ടറുകളെങ്കിലും പണിയണമെന്നുള്ള നിവേദനം കുറേമുമ്പുതന്നെ പരിഗണനയിൽ ഉണ്ടായിരുന്നതാണ്. ഉദാഹരണമായി കൊടുവള്ളിയിൽ ഇതുപോലൊരു ഷെൽട്ടർ വേണമെന്നാവശ്യപ്പെട്ടിട്ടും നൽകിയിട്ടില്ല. ഈ കാര്യം ബഹുമാന്യ മന്ത്രി ഒന്നു പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: മലബാർ പ്രദേശങ്ങളിൽ പലയിടങ്ങളിലും ബസ് സ്റ്റേഷൻ വേണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. കൊടുവള്ളി, അടിയാൻമൂല മുതലായ പല പ്രദേശങ്ങളിൽനിന്നും നിവേദനം വന്നിട്ടുണ്ട്. പക്ഷേ അവിടത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിനു ഷെൽട്ടറുകൾ പണിതാൽ മാത്രം മതിയാകുമെന്ന് കോർപ്പറേഷൻ വിചാരിക്കുന്നില്ല. കോഴിക്കോട് റീജിയണൽ വർക്ക്ഷാപ്പ് ഏറെടുത്ത് ഈ ജൂലൈ മാസത്തോടുകൂടി ആരംഭിക്കും. അപ്പോൾ തിരുവനന്തപുരത്തുള്ള സൗകര്യം മലബാർ പ്രദേശത്ത്, ഈ വർക്ക്ഷാപ്പ് പണി പൂർത്തിയാകുന്നതോടുകൂടി ഉണ്ടാകും. ബുദ്ധിമുട്ടുകൾ പിന്നീട് എവിടെയൊക്കെയാണെന്ന് ആലോചിച്ച് ബസ് സ്റ്റേഷനുകൾ എവിടെയൊക്കെവേണമെന്ന് ആലോചിക്കുകയായിരിക്കും നല്ലതെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ഒ. ലൂക്കോസ്: 1979-80-ൽ ട്രാൻസ്പോർട്ടു ഗ്യാരേജുകൾ പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളുടെ ലിസ്റ്റു തയ്യാറാക്കിയോ; തയ്യാറാക്കിയെങ്കിൽ ആ ലിസ്റ്റിൽ വൈക്കം ഗ്യാരേജ് ഉണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: വൈക്കത്തു നേരത്തെതന്നെ തീരുമാനമെടുത്തുകഴിഞ്ഞു. ഏകദേശം ടെൻഡർ രൂപത്തിലിരിക്കുകയാണ്. 1979-ൽ പൂർത്തിയാകും. അതിനുമുൻപുതന്നെ സബ്ഡിപ്പോ തുടങ്ങാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: പല സ്ഥലങ്ങളെ സംബന്ധിച്ചും ഇവിടെ ചോദിക്കുന്നതു കേട്ടു. അതുകൊണ്ട് ഇനി ചോദിക്കാതിരിക്കുന്നത് ശരിയല്ലെന്നുള്ളതുകൊണ്ട് ചോദിക്കുകയാണ്. കാഞ്ഞിരപ്പള്ളി, വടകര എന്നീ പ്രദേശങ്ങളുടെ അർഹിക്കുന്ന പ്രാധാന്യം പരിഗണനയ്ക്കു വിധേയമാക്കി അവിടെ ബസ് സ്റ്റേഷനുകൾ അടിയന്തിരമായി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: വടകര അപ്രധാനമാണെന്നു ഞാൻ പറയുകയില്ല. വടകര വളരെ പ്രധാനമാണ്. പഴയ മലബാറിന്റെ ഒരു സാംസ്കാരിക കേന്ദ്രംകൂടിയാണ്. അവിടെ ഒരു ബസ് സ്റ്റേഷൻ തുടങ്ങുന്നതിനെസംബന്ധിച്ച് മുൻ ഗവൺമെന്റുകൾ എന്താണാവോ ആലോചിക്കാത്തതെന്നു അറിഞ്ഞുകൂടാ. ഇപ്പോൾ മലബാറിലേക്ക് കൂടുതൽ കൂടുതൽ അടുത്തുകൊണ്ടിരിക്കുകയാണ്. വടകരയും കാര്യമായി പരിഗണിക്കും. തീർച്ചയായും അവഗണിക്കുകയില്ലെന്നു ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ മനസ്സിലാക്കണം.

ശ്രീ. പി.പി. എസ്തോസ്: ഗ്യാരേജുകളും ബസ് സ്റ്റേഷനുകളും നിർണ്ണയിക്കുവാനും നടപ്പിലാക്കുവാനും ഇന്നു നീതിപൂർവ്വകമായ ഒരു സമീപനം സ്വീകരിച്ചിട്ടില്ലെന്നുള്ളതു പരക്കെ ഇവിടെ ചോദ്യോത്തര സമയത്തും അതിനുമുൻപും തെളിഞ്ഞിട്ടുണ്ട്. ഈ കാര്യത്തിൽ ഒരു റീജിയണൽ ഇൻഫർക്കേഷൻ വരാൻ പോകുന്നു എന്നു പറഞ്ഞു. മുൻഗണന നിശ്ചയിക്കുമ്പോൾ വളരെ പഴക്കംചെന്ന സ്റ്റേഷനുകൾക്കു മുൻഗണന നിശ്ചയിക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പഴക്കം ഒന്നുകൊണ്ടുമാത്രം മുൻഗണന കൊടുക്കുവാൻ നിവൃത്തിയില്ല. ഇന്നത്തെ പ്രാധാന്യം അനുസരിച്ചുമാത്രമേ മുൻഗണന കൊടുക്കുവാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ഏതായാലും മൂവാറ്റുപുഴ ബസ് സ്റ്റേഷനു വേണ്ട പ്രാധാന്യം നൽകുന്നുണ്ട്. അതിന്റെ ജോലിയിൽ തടസ്സം വരുന്നുണ്ട് എന്ന പരാതിയിലാണ് ബഹുമാനപ്പെട്ട മെമ്പർ ഇതുപോലെ ഒരു ചോദ്യം ചോദിക്കുവാൻ ഇടയായത്. മൂവാറ്റുപുഴ സ്റ്റേഷന്റെ പണി പൂർത്തിയാക്കാൻ നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞു. ഭൂമി എടുത്തുകഴിഞ്ഞു. പണി ആരംഭിക്കുവാൻ തുടങ്ങി.

ശ്രീ. സി.എ. കുര്യൻ: ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിലും പുറത്തും കുമിളി ബസ്സ്റ്റേഷൻ ഇതാവരുന്നു ഇതാവരുന്നു എന്നു പറയാറുണ്ട്. അതെവിടെവരെ എത്തി?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതാ വരുന്നു എന്നുള്ളതല്ലാതെ വന്നെത്തിയെന്നു ഞാൻ പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: വന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം.വി. മാണി: കോതമംഗലം ബസ്സ്റ്റേഷന്റെ ആവശ്യത്തിനുവേണ്ടി സ്ഥലം കൊടുത്താൽ ഏറ്റവും വേഗം ബസ്സ്റ്റേഷൻ ആരംഭിക്കാമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും അതിന്റെ നടപടി എവിടെവരെയായി എന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ബസ്സ്റ്റേഷന്റെ ആദ്യ ചോദ്യമാണ് സ്റ്റേഷൻ മാസ്റ്റർ ഓഫീസ്. പിന്നെ അടുത്ത ചോദ്യം സബ്ഡിപ്പോ ആണ്. അതുകഴിഞ്ഞ് ഡിപ്പോ. കോതമംഗലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആണ്, അതുകൊണ്ടാണു ആരംഭിക്കാമെന്നു പറഞ്ഞിട്ടുള്ളത്. അതു പിൻവലിച്ചിട്ടില്ല, തീർച്ചയായും 1978-79-ൽ ഇതിനെ സംബന്ധിച്ച് കാര്യമായി പരിഗണിക്കും.

ആർ.എം.പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങൾ

* 629 [686] ശ്രീ. എം.വി. മാണി:

,, ഈപ്പൻ കണ്ടക്കുടി:

ഡോ: ജോർജ്ജ് മാത്യു:

ശ്രീ. പി.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. എം. പി. സ്കീമിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം എത്ര സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചു; അതിന് എന്തു തുക ചെലവായി;

(ബി) ആർ.എം.പി. സ്കീമിൽ കെട്ടിടങ്ങൾ പണിയുന്നത് പി.ഡബ്ലിയു. ഡി. പണിയുന്നതിനേക്കാൾ കൂടുതലായ സാമ്പത്തിക ലാഭം സർക്കാരിനു നേടിത്തരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് എത്ര ശതമാനം?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ടി.എം.മാദരൻ കാളാശ്ശേരി):

LIBRARY ARCHIVES Kerala Legislative Assembly